**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 201** **23-01-2025 - ൽ മറുപടിയ്ക്ക്**

**ജലജന്യരോഗങ്ങളും പ്ലാസ്റ്റിക് ബോട്ടിലുകളിലെ കുടിവെള്ളവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ എം മുകേഷ് ,<br>യു. ആർ. പ്രദീപ്,<br>ശ്രീ. കെ. പ്രേംകുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കടുത്ത ചൂട് ആരംഭിച്ച സാഹചര്യത്തിൽ ജലജന്യരോഗങ്ങൾ പടരാതിരിക്കാൻ സ്വീകരിച്ചുവരുന്ന മുൻകരുതലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | 2024 - 25 വർഷത്തിൽ വയറിളക്കരോഗങ്ങളും അതുമൂലമുള്ള മരണങ്ങളും കുറയ്ക്കുന്നതിന് ഊർജ്ജിതമായ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പാനീയ ചികിത്സാ വാരാചരണം ഈ വർഷം നടത്തിയിരുന്നു. ദേശീയ പരിപാടിയായ സ്റ്റോപ്പ് ഡയേറിയ ക്യാമ്പയ്ൻ 08/01/2025 മുതൽ 07/03/2025 വരെ നടത്തുന്നുണ്ട്. കുട്ടികൾക്ക് ഒ ആർ എസ് & സിങ്ക് ആശാപ്രവർകത്തകർ മുഖേന വീടുകളിലും അംഗൻവാടികളിലും എത്തിച്ച് നൽകുകയും ഒ ആർ എസ് ലായനി തയ്യാറാക്കുന്ന വിധം, ഹാൻഡ് വാഷ്, തിളപ്പിച്ചാറിയ കുടിവെള്ളത്തിന്റെ ഉപയോഗം എന്നിവയെ കുറിച്ച് വീടുകളിലും സ്കൂളുകളിലും ബോധവൽക്കരണവും നടത്തുന്നു. കുടിവെള്ള ശുചിത്വം ഉറപ്പാക്കുന്നതിന് വേണ്ടി ക്ലോറിനേഷൻ ഡ്രൈവ്, ക്ലോറിൻ ടാബ് വിതരണം, ഗുണനിലവാര പരിശോധന എന്നിവ നടത്തിയിട്ടുണ്ട്. വയറിളക്കരോഗങ്ങൾ റിപ്പോർട്ട് ചെയ്യാൽ നൽകേണ്ട മുൻകരുതലുകൾ (ഒ ആർ എസ്, സിങ്ക് ഗുളികകൾ എന്നിവ) എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും സജ്ജമാക്കിയിട്ടുണ്ട്.<br><br>ജലജന്യരോഗങ്ങൾ പടരാതിരിക്കാൻ സംസ്ഥാനത്തുടനീളം സ്ക്വാഡുകൾ രൂപീകരിച്ച് സഞ്ചരിക്കുന്ന ഭക്ഷ്യസുരക്ഷാ ലാബിന്റെ സഹായത്തോടുകൂടി സ്കൂൾ പരിസരങ്ങളിലും മറ്റ് റെസിഡൻഷ്യൽ ഏര്യകളിലും വിവിധ വ്യാപാര സ്ഥാപനങ്ങളിലും അംഗൻവാടികളിലും വെള്ളത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി വരുന്നു. |
| (ബി) | വ്യാപാരസ്ഥാപനങ്ങളിൽ കുടിവെള്ളത്തിന്റെയും ശീതള പാനീയത്തിന്റെയും പ്ലാസ്റ്റിക് ബോട്ടിലുകൾ | (ബി) | വ്യാപാരസ്ഥാപനങ്ങളിൽ കുടിവെള്ളത്തിന്റെയും ശീതള പാനീയത്തിന്റെയും പ്ലാസ്റ്റിക് ബോട്ടിലുകൾ വെയിലേൽക്കുന്ന തരത്തിൽ പ്രദർശിപ്പിക്കുന്നത് |

| | | | |
|---|---|---|---|
| | വെയിലേൽക്കുന്ന തരത്തിൽ പ്രദർശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | ശ്രദ്ധയിൽപ്പെടുന്നപക്ഷം ആയത് തടയുന്നതിന് കർശനമായ നിർദ്ദേശങ്ങൾ നൽകുകയും ആയത് ആവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ പിഴ ചുമത്തൽ ഉൾപ്പെടെയുള്ള നിയമ നടപടികളും സ്വീകരിച്ചുവരുന്നു. |
| (സി) | വെയിലേൽക്കുന്ന തരത്തിൽ പ്രദർശിപ്പിക്കുന്ന പ്ലാസ്റ്റിക് ബോട്ടിലുകൾക്കുണ്ടാകുന്ന രാസമാറ്റം മനുഷ്യരിൽ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാവുമെന്നതിനാൽ അതൊഴിവാക്കുന്നതിനായി വ്യാപാരസ്ഥാപനങ്ങൾക്ക് എന്തെല്ലാം കർശന നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | വെയിലേൽക്കുന്ന തരത്തിൽ പ്രദർശിപ്പിക്കുന്ന പ്ലാസ്റ്റിക് ബോട്ടിലുകൾക്കുണ്ടാകുന്ന രാസമാറ്റം മനുഷ്യരിൽ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാവുമെന്നതിനാൽ അതൊഴിവാക്കുന്നതിനായി ദൈനംദിന പരിശോധനാ വേളയിലും ബോധവത്ക്കരണ ക്ലാസ്സുകളിലൂടെയും FoSTaC ട്രെയിനിംഗിലൂടെയും നിരന്തരം ബോധവത്ക്കരണം നടത്തി വരുന്നു. കൂടാതെ നിയമ ലംഘനം നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ പിഴ ചുമത്തൽ ഉൾപ്പെടെയുള്ള നിയമനടപടികളും സ്വീകരിച്ചു വരുന്നു. |
| (ഡി) | ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കിവരുന്നത് എന്നറിയിക്കുമോ; | (ഡി) | സി പിരിവിൽ കണ്ടാലും. |
| (ഇ) | വിൽപ്പനയ്ക്ക് വച്ചിരിക്കുന്ന പാനീയങ്ങൾ ശുദ്ധവും ആരോഗ്യകരവുമാണെന്ന് ഉറപ്പുവരുത്താൻ കഴിയുന്ന തരത്തിൽ നിരീക്ഷണങ്ങളും നടപടികളും ശക്തമാക്കാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ? | (ഇ) | വിൽപ്പനയ്ക്ക് വച്ചിരിക്കുന്ന പാനീയങ്ങൾ ശുദ്ധവും ആരോഗ്യകരവുമാണെന്ന് ഉറപ്പുവരുത്തുന്നതിന് സ്റ്റാറ്റ്യൂട്ടറി/ സർവ്വയിലൻസ് സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ലാബുകളിൽ പരിശോധിക്കുന്നുണ്ട്. കൂടാതെ സഞ്ചരിക്കുന്ന ഭക്ഷ്യസുരക്ഷാ ലാബിലും സാമ്പിളുകൾ പരിശോധിച്ചു വരുന്നു. പരിശോധനയിൽ അൺസേഫ്/സബ്സ്റ്റാൻഡേർഡ് പരിശോധനാഫലം ലഭ്യമാകുന്ന പാനീയങ്ങൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നവർക്കെതിരെ അഡ്ജൂഡിക്കേഷൻ/പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ